റേഷൻ കാർഡ് വിതരണം

14 (*404) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. എളമരം കരീം :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻകാർഡുകളുടെ വിതരണം അനിശ്ചിതമായി നീളുന്നതിനുള്ള കാരണങ്ങൾ വിശദമാക്കുമോ ;

(ബി) ബി.പി.എൽ. പട്ടികയ്ക്ക് പകരമുള്ള മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; ഇതിന്റെ കരട് എന്നത്തേക്ക് പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ ;

(സി) നിലവിലുള്ള മുഴുവൻ കാർഡുടമകൾക്കും പുതിയ റേഷൻ കാർഡ് ലഭ്യമാക്കുമോ ; ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കലും റേഷൻ കാർഡ് പുതുക്കലും തമ്മിൽ ബന്ധമുണ്ടോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്):

(എ) റേഷൻ കാർഡ് പുതുക്കലിന്റെ ഭാഗമായ ഡാറ്റാ എൻട്രിയും വെരിഫിക്കേഷനും സൂക്ഷ്മമായും കാര്യക്ഷമമായും നടത്തുന്നതിന് ഉദ്ദേശിച്ചിരുന്നതിൽ കൂടുതൽ സമയവും മനുഷ്യാദ്ധ്വാനവും വേണ്ടിവന്നതിനാലും ഡാറ്റാ എൻട്രിയിൽ കണക്കിവിറ്റി തടസ്സങ്ങൾ നേരിട്ടിരുന്നതിനാലും നേരിയ കാലതാമസമുണ്ടായിട്ടുണ്ട്. ഇത് അനിശ്ചിതമായി നീളുന്നില്ല.

(ബി) ദേശീയ ഭക്ഷ്യസുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബി.പി.എൽ. പട്ടിക തയ്യാറാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ അടിസ്ഥാനമാക്കിയാണ് മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. ടി ഉത്തരവ് പ്രകാരം മുൻഗണനാ പട്ടികയിൽ നിന്ന് താഴെ പറയുന്ന വിഭാഗങ്ങളെ ഒഴിവാക്കുന്നതാണ്.

- സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ.

LIBRARY ARCHIVES Kerala Legislative Assembly

- ആദായ നികുതി ഒടുക്കുന്നവർ.
- സ്വന്തമായി ഒരേക്കറിനുമേൽ ഭൂമിയുള്ളവർ.
- സ്വന്തമായി ആയിരം ചതുരശ്ര അടിയ്ക്കുമേൽ വിസ്തീർണ്ണമുള്ള വീടോ ഫ്ളാറ്റോ ഉള്ളവർ.
- നാല് ചക്ര വാഹനം സ്വന്തമായുള്ളവർ.

മേൽ പറഞ്ഞ വിഭാഗങ്ങൾ ഒഴിവായി താഴെ പറയുന്ന വിഭാഗത്തിൽപ്പെട്ട ആരെങ്കിലും കുടുംബത്തിൽ ഉണ്ടെങ്കിൽ അവർ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതാണ്.

- ആശ്രയ പദ്ധതിയിൽ അംഗങ്ങളായുള്ളവർ
- മാനസികവും ശാരീരികവുമായി വൈകല്യമുള്ളവർ
- ഓട്ടിസം ബാധിച്ചവർ
- ഭർത്താവ് മരണമടഞ്ഞ സ്ത്രീകൾ, എയ്ഡ്സ്, ക്യാൻസർ രോഗികളും ഡയാലിസിസിന് വിധേയരാകുന്നവരും.
- പരസഹായമില്ലാതെ ജീവിക്കുവാൻ കഴിയാത്തവരും ശരീരം തളർന്ന് ശയ്യാവലംബരായവരും

ഡാറ്റാ വെരിഫിക്കേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് മുൻഗണനാ പട്ടികയുടെ കരട് പ്രസിദ്ധീകരിക്കുന്നതാണ്.

(സി) നിലവിലുള്ള മുഴുവൻ കാർഡുടമകൾക്കും പുതിയ റേഷൻ കാർഡ് ലഭ്യമാക്കുന്നതാണ്. ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിന് മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തേണ്ടതുണ്ട്. ആയത് റേഷൻ കാർഡ് പുതുക്കൽ വഴി നടപ്പിലാക്കുന്നതാണ്.

രാഷ്ട്രീയ രാജ്യമാർഗ്ഗ് ജില്ലാ സംജ്യോക്ത പരേ്യാജന

15 (*405) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ 'രാഷ്ട്രീയ രാജ്യമാർഗ്ഗ് ജില്ലാ സംജ്യോക്ത പരേ്യാജന' (RRZSP) പദ്ധതിയിൽ കേരളത്തിന് അർഹമായ പരിഗണന നേടിയെടുക്കുന്നതിന് എന്തൊക്കെ മുന്നൊരുക്കങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly